"ഭരണഭാഷ- മാതൃഭാഷ"

വളരെ അടിയന്തരം

കേരള സർക്കാർ

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ : K3/219/2024-HEDN

02-12-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/ കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കുരീപ്പുഴ, കൊല്ലം.
4. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്.
5. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, റ്റി.സി 86/1949(2), എൻ.എച്ച്.ബൈ പാസ്സ് ജംഗ്ഷൻ, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം.
7. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
8. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസവകുപ്പ് - സംസ്ഥാനത്തെ സർവകലാശാലകൾ, കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് നേരെയുള്ള റാംഗിംഗ് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ സർവകലാശാലകൾ, കോളേജുകൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ റാംഗിംഗിന് വിധേയമാകുന്നതുൾപ്പെടെയുള്ള സംഭവങ്ങൾ തടയുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം താങ്കളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ താല്പര്യപ്പെടുന്നു.

1. Kerala Prohibition of Ragging Act - ലെ വ്യവസ്ഥകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും

കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

2. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്നും പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ രക്ഷാകർത്താക്കളെയും, വിദ്യാർത്ഥികളെയും ഒരുമിച്ചിരുത്തി റാഗിംഗ് ആക്ട്, ട്രാഫിക് റൂൾസ് തുടങ്ങിയ വിവിധ നിയമ കാര്യങ്ങൾ അടിസ്ഥാനപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

4. കുട്ടികൾക്ക് സാമൂഹ്യ മാധ്യമ ഇടപെടലുകളിലെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചും സൈബർ അച്ചടക്കം പാലിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും അവബോധം നൽകുക.

5. കുട്ടികളിൽ നിയമ സാക്ഷരത, ജനാധിപത്യ മൂല്യം, ഭരണഘടനാ മൂല്യങ്ങൾ, ധാർമ്മിക മൂല്യങ്ങൾ എന്നിവ വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

6. സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിലേക്ക് എൻ.എസ്.എസ് പോലുള്ള ഗ്രൂപ്പുകൾ സജീവമാക്കി സാമൂഹ്യ ഇടപെടലുകൾ നടത്തുക.

7. അധ്യാപക രക്ഷാകർതൃ സമിതികളിലെ രാഷ്ട്രീയ/സ്വജനപക്ഷ അതിപ്രസരം അവസാനിപ്പിക്കുന്നതിന് വിദ്യാലയങ്ങളിലെ പി.ടി.എ. തെരഞ്ഞെടുപ്പിൽ നിഷ്പക്ഷതയും സുതാര്യതയും ഉറപ്പാക്കുക.

8. അധ്യാപക-വിദ്യാർത്ഥി-രക്ഷാകർതൃ ബന്ധം സുദൃഢമമാക്കുന്നതിന് ഓരോ ക്ലാസ്സ്/ഡിവിഷൻ തലത്തിലും അധ്യാപക രക്ഷാകർതൃ സമിതികൾ രൂപികരിച്ച് പ്രതിമാസം ഓൺലൈനായെങ്കിലും പരസ്പരം സംവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. അധ്യാപകർക്കെതിരെ വിദ്യാർത്ഥികൾ ആരോപണങ്ങളോ പരാതികളോ ഉന്നയിക്കുന്ന സാഹചര്യത്തിൽ ആയത് വസ്തുനിഷ്ഠമായി അന്വേഷണം നടത്തിയ ശേഷം നടപടികൾ കൈക്കൊള്ളുന്നതിലൂടെ അധ്യാപകർക്ക് വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസന കാര്യത്തിൽ ഇടപെടുന്നതിനുള്ള വിമുഖത ഒഴിവാക്കുന്നതിനും സുദൃഢമായ അധ്യാപക-വിദ്യാർത്ഥി ബന്ധം വളർത്തിയെടുക്കുന്നതിനും സാധിക്കുന്നതാണ്.

10. വിദ്യാലയങ്ങളിൽ കൗൺസിലിങ്ങിലും നിയമത്തിലും പ്രാവീണ്യം നേടിയ അധ്യാപകന്റെ തസ്തിക സൃഷ്ടിക്കുകയും ടിയാളുകളുടെ സേവനം കുട്ടികൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.

11. സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുക.

12. ബാലാവകാശ കമ്മിഷൻ, ലീഗൽ സർവീസ് അതോറിറ്റി, പോലീസ്, എക്സൈസ്, ആരോഗ്യ, സാമൂഹ്യ നീതി, മോട്ടോർ വാഹന വകുപ്പ്, നിയമവിദഗ്ദർ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ വിഷയങ്ങളിൽ കൃത്യമായ ഇടവേളകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

13. മയക്കുമരുന്ന് വിപണനം, ഉപയോഗം, അശ്ലീല വെബ് സൈറ്റുകളുടെ ഉപയോഗം എന്നിവയുടെ ദൂഷ്യ വശങ്ങളെ സംബന്ധിച്ചും സാമൂഹ്യ മാധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

14. വിദ്യാർത്ഥികൾ തമ്മിലുണ്ടാകുന്ന ചെറിയ പ്രശ്നങ്ങളിൽ ഉടനടി ഇടപെടുന്നതിലേക്ക് ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിഷ്പക്ഷമതികളായ അധ്യാപകരും, രക്ഷാകർതൃ പ്രതിനിധികളും ഉൾക്കൊള്ളുന്ന കൺസോർഷ്യം രൂപീകരിക്കുകയും അത്തരം പ്രശ്നങ്ങൾ സംഘർഷങ്ങളിലേക്ക് നയിക്കാതെ എളുപ്പത്തിൽ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

വിശ്വസ്തതയോടെ,
രാജേഷ് എം
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Sobha D
Date: 02-12-2024 11:54:45
സെക്ഷൻ ഓഫീസർ

പകർപ്പ്- ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

Endorsement No. ACB1/misc/2024 dtd 2/12/24

Copy Communicated to all the Head of the institution for information and necessary action

Dr. JAYAPRAKASH. P
SENIOR JOINT DIRECTOR (ECS)
DIRECTORATE OF TECHNICAL EDUCATION
GOVERNMENT OF KERALA

Dr. Jayaprakash. P
Senior Joint Director (ECS)